## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2305 | 05.11.2019 - ൽ മറുപടിക്ക് |
|---|---|

## ജി.എസ്.ടി യും പ്രളയ സെസ്സും വഴി സമാഹരിക്കുന്ന തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഷാഫി പറമ്പിൽ : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടിയും നവകേരള സൃഷ്ടിക്കായി ഒരു ശതമാനം പ്രളയ സെസ്സും ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്നുമുതലെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ജി.എസ്.ടി. 01.07.2017 മുതലും നവകേരള സൃഷ്ടിക്കായി ഒരു ശതമാനം പ്രളയ സെസ് 01.08.2019 മുതലും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതിലൂടെ എത്ര കോടി രൂപ സമാഹരിക്കുവാനാണ് ഉദ്ദേശി ക്കുന്നത്; ഇതിനകം എത്ര കോടി രൂപ ലഭിച്ചു; | (ബി) | ഇതിലൂടെ 2019-20 സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന തുകയും ഇതിനകം ലഭിച്ച തുകയും ചുവടെ ചേർക്കുന്നു. |

**(കോടിയിൽ)**

| ഇനം | 2019-20 സാമ്പത്തിക വർഷം സമാഹരിക്കുന്നതിന് ഉദ്ദേശിച്ച തുക | 30-09-2019 വരെ ലഭിച്ച തുക |
|---|---|---|
| ജി.എസ്.ടി. | 29010.62 | 12488.49 (കോമ്പൻസേഷൻ ഉൾപ്പടെ) |
| പ്രളയ സെസ് | 600.00 | 68.52 |

| | | | |
|---|---|---|---|
| (സി) | 2018 ലെ പ്രളയവും 2019 ലെ അധിവർഷവും മൂലം സർവ്വതും നഷ്ടപ്പെട്ട ജനങ്ങളുടെ മേൽ പ്രളയ സെസ് വഴി കൂടുതൽ ഭാരം കെട്ടിവച്ചത് നീതീകരിക്കാവുന്ന ഒന്നാണോയെന്ന് വെളിപ്പെടുത്തുമോ? | (സി) | പ്രകൃതി ദുരന്തം നേരിടുന്ന സംസ്ഥാന ങ്ങൾക്ക് പുനർ നിർമ്മാണത്തിനും മറ്റുമായി ജി.എസ്.റ്റി കൗൺസിലിന്റെ അംഗീകാര ത്തോടുകൂടി സെസ്സ് ചുമത്താവുന്നതാണ്. പ്രളയംമൂലം നാശനഷ്ടം സംഭവിച്ച ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനും മറ്റുമായി അധിക വിഭവ സമാഹരണം അനിവാര്യമാണ്. സ്വർണ്ണം ഒഴികെ 12 ശതമാനത്തിന് താഴെ നികുതി നിരക്കുള്ള ചരക്കുകളെയും സേവനങ്ങളേയും സെസ്സിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയ തിനാലും ഇപ്രകാരം സമാഹരിക്കുന്ന തുക നാടിന്റെ വികസനത്തിനും ക്ഷേമത്തിനു മായി ഉപയോഗിക്കുന്നതിനാലും ഇത് നീതീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ